LSGD

# ഇടവെട്ടി ഗ്രാമപഞ്ചായത്ത്

ഇടവെട്ടി, ഇടവെട്ടി പി ഒ, ഇടുക്കി ജില്ല - 685588

**ഫോൺ**: 04862-223809 **ഇമെയിൽ**: edavettygramapanchayat@gmail.com

NABCB
QM 039
*TQS/Q-1655*
*ISO 9001:2015*

നമ്പർ: എ2-349254/2026-27 തീയതി: 15.09.2026

## ടെണ്ടർ നോട്ടീസ്

ഇടവെട്ടി ഗ്രാമപഞ്ചായത്തിന്റെ അജൈവ മാലിന്യങ്ങൾ ശേഖരിച്ചു കൊണ്ടു പോകുന്നതിലേക്കായി നിലവിൽ ഈ രംഗത്ത് പ്രവർത്തിക്കുന്ന, ശുചിത്വമിഷൻ അംഗീകാരമുള്ള ഏജൻസികളിൽ നിന്നും ടെൻഡർ ക്ഷണിക്കുന്നു.

**ടെൻഡറുകൾ ലഭിക്കേണ്ട അവസാന തീയതി 30/09/2026, 02.00 പി എം വരെ**

പുനരുപയോഗപ്രദവും അല്ലാത്തതുമായ താഴെ പറയുന്ന ഇനങ്ങളിലുള്ള മാലിന്യങ്ങൾക്ക് ഏജൻസി ക്വോട്ട് ചെയ്യുന്ന നിരക്ക് ഇനം തിരിച്ച് ടെൻണ്ടറിൽ രേഖപ്പെടുത്തേണ്ടതാണ്. ടെൻണ്ടർ ലഭിക്കേണ്ട അവസാന തീയതിയായ 30/09/2026, 03.00 പി എം ന് ഹാജരുള്ള കരാറുകാരുടെ സാന്നിദ്ധ്യത്തിൽ ടെണ്ടറുകൾ തുറന്ന് പരിശോധിക്കുന്നതും, കരാറുകാർ ക്വോട്ട് ചെയ്തിട്ടുള്ള വിവിധ നിരക്കുകളും നിബന്ധനകളും, മറ്റു സേവനങ്ങളും പരിശോധിച്ച് ഏറ്റവും അനുയോജ്യമായതും ശുചിത്വ മിഷൻ അംഗീകാരമുള്ളതുമായ ഏജൻസിയുടെ പേരിൽ താൽക്കാലികമായി ടെൻണ്ടർ ഉറപ്പിക്കുന്നതും, ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്ഥിരപ്പെടുത്തുന്നതുമായിരിക്കും. ടെൻണ്ടർ സംബന്ധിച്ച എല്ലാ നിയമങ്ങളും വ്യവസ്ഥകളും നടപടിക്രമങ്ങളും ഇതിനും ബാധകമായിരിക്കും.

**വിവിധ അജൈവ മാലിന്യങ്ങൾ**

| പഞ്ചായത്ത് ഏജൻസിക്ക് നൽകുന്ന ഇനങ്ങൾ | നിരക്ക്/KG | ഏജൻസി പഞ്ചായത്തിന് തുക നൽകുന്ന ഇനങ്ങൾ | നിരക്ക്/KG |
|---|---|---|---|
| MLP | | LD 1 | |
| REJECT | | LD 2 | |
| | | PP 1 | |
| | | PP 2 | |
| | | HM | |
| | | MILMA | |
| | | GLASS | |

SECRETARY
EDAVETTY GRAMA PANCHAYAT
EDAVETTY P.O.

ഫോറം വില - 200/- രൂപ + 18% ജി.എസ്.റ്റി

നിരത ദ്രവ്യം- 2000/- രൂപ

ടെൻണ്ടർ സമർപ്പിക്കുന്നതോടൊപ്പം 200/- രൂപ വിലയുള്ള മുദ്രപത്രത്തിൽ പ്രിലിമിനറി എഗ്രിമെന്റും നിരതദ്രവ്യം അടച്ച രസീതും സമർപ്പിക്കേണ്ടതാണ്.

**നിബന്ധനകൾ**

1. സംസ്ഥാന ശുചിത്വമിഷന്റെ അംഗീകാരമുള്ള ഏജൻസി ആയിരിക്കണം.
2. ഏജൻസിയുടെ കാലാവധി കരാർ ഒപ്പിട്ട ദിവസം മുതൽ ഒരു വർഷത്തേക്ക് ആയിരിക്കും. ആയതിനുശേഷം എജൻസിയുടെ പ്രവർത്തനത്തിൽ അവലോകനം നടത്തി പ്രവർത്തന കാലാവധി പുതുക്കി നൽകുകയോ അല്ലെങ്കിൽ പുതുതായി ടെണ്ടർ വിളിച്ച് ഏജൻസിയെ നിശ്ചയിക്കുന്നതാണ്.
3. ഈ മേഖലയിൽ നിലവിലുള്ള സർക്കാർ ഉത്തരവുകളും മാർഗനിർദ്ദേശങ്ങളും പാലിച്ച് വേണം സേവന ദാതാക്കൾ സേവനം നൽകേണ്ടതും, മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് പിന്നീട് ഉണ്ടാകുന്ന സർക്കാർ ഉത്തരവുകളും മാർഗനിർദ്ദേശങ്ങളും കരാറുകാരൻ പാലിക്കേണ്ടതുമാണ്.
4. മാലിന്യങ്ങൾ ലോഡ് ആകുന്ന മുറയ്ക്ക് സംസ്കരിക്കുന്നതിനായി നീക്കം ചെയ്യേണ്ടതാണ്.
5. ലോഡ് എടുക്കാൻ വരുന്ന വാഹനത്തിൽ ജി.പി.എസ് ഘടിപ്പിച്ചിരിക്കണം.
6. ലോഡ് നീക്കം ചെയ്യുന്നത് പ്രവർത്തി ദിവസങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ മുൻകൂട്ടി അറിയിച്ച് കൊണ്ടും സമയക്രമം പാലിച്ച് കൊണ്ടുമായിരിക്കണം.
7. ലോഡ് എടുക്കാൻ വരുന്ന വാഹനം ലോഡ് കയറ്റുന്നതിനു മുൻപും ലോഡ് കയറ്റിയതിനുശേഷവും വെയ് ബ്രിഡ്ജിൽ നിന്നും തൂക്കി ആയതിന്റെ രസീത് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കൈമാറേണ്ടതാണ്.
8. ടെൻഡർ അംഗീകരിക്കുന്നത് സംബന്ധിച്ച് പൂർണമായ അധികാരം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കും.
9. ഗ്രാമപഞ്ചായത്ത് അംഗീകരിക്കുന്ന കരാറുകാരൻ 200/- രൂപ മുദ്രപത്രത്തിൽ പഞ്ചായത്ത് സെക്രട്ടറിയുമായി കരാറിൽ ഏർപ്പെടേണ്ടതാണ്.
10. ടെണ്ടർ അംഗീകരിച്ചതിന് ശേഷം ബന്ധപ്പെട്ട ഏജൻസി അതിൽ നിന്ന് പിൻമാറുകയോ നിബന്ധനകൾ പാലിക്കാതെയിരിക്കുകയോ ചെയ്താൽ സ്ഥാപനത്തിനെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതും തൻമൂലം ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് കരാർ ഏജൻസി പൂർണ്ണമായി ഉത്തരവാദിയായിരിക്കുന്നതാണ്.

OFFICE OF THE EDAVETTY GRAMA PANCHAYAT * EDAVETTY P.O. *

സെക്രട്ടറി
ഇടവെട്ടി ഗ്രാമപഞ്ചായത്ത്

SECRETARY
EDAVETTY GRAMA PANCHAYAT